# SUMMATIVE ASSESSMENT - I

## SEPTEMBER 2013

## GRADE X

*Subj:* **MALAYALAM** *Max Marks : 90*

*Time: 3 Hrs.*

*The question paper is divided into four sections:*

- *Section A-Reading Comprehension - 10 marks*
- *Section B-Writing - 14 marks*
- *Section C – Grammar - 18 marks*
- *Section D – Literature - 48 marks*

### 'എ' വിഭാഗം

**I . താഴെക്കൊടുത്തിരിക്കുന്ന ഖണ്ഡിക വായിച്ച് ചുവടെയുള്ള ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.**

സുകുമാരകലകളുടെയെല്ലാം ലക്ഷ്യം ഒന്നു തന്നെ. സത്യത്തെയും നന്മയേയും സൗന്ദര്യത്തേയും ഏകീകരിക്കുന്ന സംസ്കാരമൂല്യത്തെ കലാകാരൻെറ വ്യക്തിമുദ്രയോട് കൂടി ഉചിതരൂപങ്ങളിൽ ആവിഷ്കരിക്കുക - ഇതാണ് അവയുടെയെല്ലാം പരമോദ്ദേശ്യം. ഏതു കലയ്ക്കാണ് മേന്മ എന്നുള്ളത് ഒരു തീരാവാദമാണ്. സാഹിത്യത്തിനാണ് ഉത്കർഷമെന്നു സാഹിത്യകാരൻ പറയും. ചിത്രകലയ്ക്കാണ് മേന്മ കൂടുതലെന്ന് ചിത്രകാരൻ പറയും. മനുഷ്യ വർഗത്തിൻെറ നിയമകർത്താവും സംസ്കാരത്തിൻെറ മുന്നോടിയുമാണ് കവി എന്നു ഷെല്ലി പറയുന്നു. നേരെ മറിച്ച് ലിയോണാർഡോ പറയുന്നത് ഇപ്രകാരമാണ്: ചിത്രകലയെ അധിക്ഷേപിക്കുന്നവർ പ്രപഞ്ചത്തെക്കുറിച്ചുള്ള മൗലികവും ഉത്കൃഷ്ടവുമായ ഒരു ആദർശത്തെയാണ് അധിക്ഷേപിക്കുന്നത്. ചിത്രകല പ്രകൃതിയുടെ പുത്രി അഥവാ പൗത്രി ആണെന്നു പറയാം. ആസ്തിക്യമുള്ള ഏതും പ്രകൃതിയിൽ നിന്നു ജനിച്ചതാണ്. പ്രകൃതിയുടെ സന്താനമായ മനുഷ്യൻെറ സർഗവിശേഷമാണ് ചിത്രകല. അതുകൊണ്ടാണ് ഞാൻ പറയുന്നത്, ചിത്രകല പ്രകൃതിയുടെ പൗത്രിയും, ഈശ്വരൻെറ സംബന്ധിയുമാണെന്ന്. ചിത്രകലയെ അപലപിക്കുന്നവർ പ്രകൃതിയെയാണ് അപലപിക്കുന്നത്.

**ചോദ്യങ്ങൾ**

1. ഷെല്ലിയുടെ അഭിപ്രായത്തിൽ കവി ആരാണ്? 2
2. ചിത്രകല പ്രകൃതിയുടെ പൗത്രി ആണെന്ന് പറയുന്നതിൻെറ പൊരുളെന്ത്? 2
   ആരാണിങ്ങനെ പറയുന്നത്?
3. ഒരു തീരാവാദമായി നിൽക്കുന്നത് എന്താണ്? 2
4. സുകുമാരകലകളുടെ ലക്ഷ്യം എന്താണ്? 2
4. ഈ ഖണ്ഡികയ്ക്ക് ഉചിതമായ ഒരു ശീർഷകം നൽകുക. 2

### 'ബി' വിഭാഗം

**II.1) ഏതെങ്കിലും ഒരു വിഷയത്തെക്കുറിച്ചു ഒരു ഖണ്ഡിക എഴുതുക.** **7**

(1) തൊഴിലധിഷ്ഠിത വിദ്യാഭ്യാസം
(2) മദ്യവും മയക്കുമരുന്നും
(3) യുവജനോത്സവം

**2) കാലവർഷത്തോടനുബന്ധിച്ചു നാട്ടിൽ പടരുന്ന പകർച്ചപ്പനിയെ തടയാൻ ചികിത്സാ സഹായം ആവശ്യപ്പെട്ടുകൊണ്ടു ആരോഗ്യമന്ത്രിക്ക് ഒരു കത്തു തയ്യാറാക്കുക.** **7**

## 'സി' വിഭാഗം

**III.(a) 1. പ്രയോഗം മാറ്റുക** 1

അവളെ താതകാശ്യപൻ സ്വയം ആലിംഗനം ചെയ്തു.

**2. അർഥ വ്യത്യാസം വരാതെ വിധിവാക്യത്തെ നിഷേധവാക്യമാക്കി മാറ്റുക.** 1

പൊരിഞ്ഞ യുദ്ധങ്ങളും പാപത്തിൻെറ സന്താനമായ തോക്കുകളുമുള്ള ആധുനികത്വത്തെ ബഷീർ എതിർക്കുന്നു.

**3. തെറ്റുണ്ടെങ്കിൽ തിരുത്തി എഴുതുക** 1

ഇന്ന് വ്യക്തി സ്വാതന്ത്ര്യത്തിൻെറ പേരിൽ പുതിയ നവീന ഭൂനിയമങ്ങളെ എതിർക്കുന്ന സാമൂഹിക വിരുദ്ധന്മാർ അക്കാലത്തെ കാർഷിക വ്യവസ്ഥകൾ അറിഞ്ഞിരിക്കേണ്ടതാണ്.

**4. അംഗവാക്യം അംഗിവാക്യം ഇവ വേർതിരിച്ചെഴുതുക** 1

നല്ല ശിഷ്യനു കൊടുത്ത വിദ്യയെപ്പറ്റി എന്നപോലെ എനിക്കു നിന്നെപ്പറ്റി ഇനി വിചാരപ്പെടാനില്ല.

**(b) 1. പിരിച്ചെഴുതി സന്ധി നിർണ്ണയിക്കുക** 2

1) പുറമ്പാളി
2) ചെയ്യാതിരുന്നാൽ

**2. വിഗ്രഹിച്ച് സമാസം നിർണയിക്കുക** 2

1) മുനിബാലകൻ
2) ഭാവിജീവിതം

**3. ശരിയായ പര്യായപദങ്ങളേത്?** 2

1) അംശം

(a) കപ്പം (b) ഭാഗം (c) പോര് (d) വീതം

2) പല്ലവം

(a) കിസലയം (b) പങ്കജം (c) ചൂതം (d) തളിര്

**4. ശരിയായ നാനാർഥപദങ്ങളേവ?** 2

1) ശിക്ഷ

(a) സ്വഭാവം (b) ദണ്ഡം (c) അഭ്യാസം (d) ചോദ്യം

2) അക്ഷരം

(a) ശ്രേഷ്ഠം (b) മോക്ഷം (c) മറുപടി (d) ലിപി

**5. ശരിയായ വിപരീതപദമേത്?** 2

1) നിന്ദ

(a) ഗുണം (b) സ്തുതി (c) ദോഷം (d) ഇഷ്ടം

2) സൃഷ്ടി

(a) വൃഷ്ടി (b) ഉത്പത്തി (c) പുരാതനം (d) സംഹാരം

**6. ശരിയായ അർഥവ്യത്യാസമെഴുതുക** 2

1) പ്രഭവം – പ്രഭാവം

(a) അവസ്ഥ (b) മഹിമ (c) വ്യത്യാസം (d) ഉത്ഭവം

2) ഫലം - ഫാലം

(a) നെറ്റി (b) ഗുണം (c) ഗണം (d) കണം

7. **എതിർലിംഗമെഴുതുക** 2

1) താപസൻ

(a) താപസി (b) താപസ (c) താപസിനി (d) തപസ്വി

2) ഭീതൻ

(a) ഭീതിത (b) ഭീതി (c) ഭീത (d) ഭീതിനി

## 'ഡി' വിഭാഗം

**IV.(i) ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക (8 x ½)** 4

1) അദ്ധ്യാത്മരാമായണം എഴുതിയതാര്?

(a) വാല്മീകി (b) വേദവ്യാസൻ (c) തുഞ്ചത്തെഴുത്തച്ഛൻ

(d) കുഞ്ചൻ നമ്പ്യാർ

2) അല്ലാഹുവിൻെറ ഒട്ടകത്തിൻെറ ദൃഷ്ടാന്തം ആരെയാണ് സ്വാധീനിച്ചത്?

(a) വൈക്കം മുഹമ്മദ് ബഷീറിനെ (b) പ്രവാചകനെ (c) ടി.എസ്.എലിയറ്റിനെ

(d) പി. കെ. രാജശേഖരനെ

3) അന്നത്തെ ബ്രഹ്മമായി അറിയുക എന്ന് പറഞ്ഞിരിക്കുന്ന ഗ്രന്ഥം ഏത്?

(a) ഋഗ്വേദം (b) ഭഗവത്ഗീത (c) തൈത്തിരീയോപനിഷത്ത് (d) അർഥശാസ്ത്രം

4) "അക്ഷരം പുറപ്പെട്ടില്ലന്യോന്യം നോക്കീ ഞങ്ങൾ" – തൽക്ഷണം ആരാണ് അങ്ങോട്ടേക്കെത്തിയത്?

(a) സവിതാവ് (b) ഇളവെയിൽ (c) കാറ്റ് (d) കറമ്പിരാവ്

5) മലയാള ശാകുന്തളത്തിൻെറ കർത്താവാര്?

(a) കാളിദാസൻ (b) കൗടില്യൻ (c) ചെറുശ്ശേരി (d) എ. ആർ. രാജരാജവർമ്മ

6) ശർമ്മിഷ്ഠയുടെ പുത്രനാര്?

(a) യയാതി (b) പുരു (c) ശാരങ്ഗരവൻ (d) ദുഷ്യന്തൻ.

7) 'സൂര്യകാന്തി' എന്ന കവിത ഏതു കൃതിയിലേതാണ്?

(a) ഓടക്കുഴൽ (b) നിവേദ്യം (c) സാഹിത്യമഞ്ജരി

(d) തരംഗിണി

8) ജ്ഞാനത്തിൻെറ ഫലം എന്താണ്?

(a) സ്നേഹം (b) സന്തോഷം (c) ജ്ഞാനം (d) സുഖം

**(ii)** 1) പുത്രീവിയോഗവ്യഥയെക്കുറിച്ചു കാശ്യപൻ ചിന്തിക്കുന്നതെന്ത്? 4

2) ഭൂമിയുടെ അവകാശികൾ എന്ന കഥയുടെ പ്രത്യേകതകൾ എന്തെല്ലാം? 4

3) പൗരാണിക കാർഷികവ്യവസ്ഥകൾ എന്തെല്ലാമായിരുന്നു? 4

4) ടി. എസ്. എലിയറ്റിനേയും മുഹമ്മദ് ബഷീറിനെയും ഏതു വിധത്തിലാണ് ലേഖകൻ താരതമ്യം ചെയ്യുന്നത്? 4

**(iii)** (1) മകനെക്കാണാഞ്ഞ് വൃദ്ധപിതാവ് എന്താണ് ചിന്തിച്ചത്? 4

(2) അസ്തമയസമയത്ത് സൂര്യൻ സൂര്യകാന്തിയോട് ചോദിച്ചതെന്ത്? 4

(3) മുനികുമാരൻ ദശരഥനോടു പറഞ്ഞ മറുപടിയെന്ത്? 4

(4) സന്ദർഭവും ആശയവും അലങ്കാരവും വ്യക്തമാക്കുക 4

"പരനിന്ദ വീശുന്ന
വാളിനാൽ ചൂളിപ്പോക
പരകോടിയിൽ ചെന്ന -
പാവന ദിവ്യസ്നേഹം"

**(iv) ഏതെങ്കിലും രണ്ടു ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക** (6 X 2) 12

1. അപകടത്തിൽപ്പെട്ട അപ്പു അടിഞ്ഞുകയറിയ കടൽത്തീരത്തെക്കുറിച്ചു വിവരിക്കുക
2. അപ്പു എത്തിച്ചേർന്ന ദ്വീപിൻെറയും ദ്വീപുനിവാസികളുടേയും പ്രത്യേകതകളെന്ത് ?
3. അപ്പു എങ്ങനെയാണ് അടുത്ത മുത്താമയാകാൻ തെരഞ്ഞെടുക്കപ്പെട്ടത്?

-----------------------